

little KITEs

BVJM HIGHER SECONDARY SCHOOL
PERUMPADAVE

# e മാഗസിൻ
# വരമൊഴി

little KITEs

# e മാഗസിൻ വരമൊഴി

**2018-20**

## ആമുഖം

2018 ജനവരി 22 ന് കേരളത്തിന്റെ ബഹുമാനീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത കുട്ടികളുടെ ഐ.ടി. കൂട്ടായ്മയാണ് "ലിറ്റിൽ കൈറ്റ്സ്".ഇതിന്റെ ഒരു മികച്ച പ്രവർത്തനം എന്നവണ്ണം ബി.വി.ജെ.എം.ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയിലെ അംഗങ്ങൾ പുറത്തിറക്കുന്ന മാഗസിനാണ് "വരമൊഴി".സ്കൂളിലെ പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവുകൾ ഉൾപ്പെടുത്തിയിരിക്കുന്ന ഈ മാഗസിൻ വളരെ ആസ്വാദനപ്രദമാണ്.കുട്ടികളിൽ മറഞ്ഞിരിക്കുന്ന സർഗവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ പഠനപ്രവർത്തനത്തോടൊപ്പം വിദ്യാലയങ്ങളിൽ നടക്കാറുണ്ട്."വരമൊഴി"എന്ന e-മാഗസിനിലെ ഓരോ വരിയും വരയും സംഘബോധത്തിന്റെയും കൂട്ടായ്മയുടെയും സൃഷ്ടിടിയാണ്.ഐ.ടി. സാധ്യതകൾ ജീവിതത്തിന്റെ സമസ്തമേഖലകളെയും സ്വാധീനിക്കുന്ന ഈ കാലഘട്ടത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ അംഗങ്ങൾ "വരമൊഴി" എല്ലാവർക്കുമായി സമർപ്പിക്കുന്നു.....

## വര മൊഴി പത്രാധിപസമിതി

| | | |
|---|---|---|
| ചെയർമാൻ | : | രാധാകൃഷ്ണൻ.പി |
| വൈസ് ചെയർമാൻ | : | ബിന്ദു വർഗീസ് |
| കൺവീനർ | : | അലൻ ജോർജ് |
| ജോയിന്റ് കൺവീനർ | : | ജെറിൻ ജോസഫ് |
| ചീഫ് എഡിറ്റർ | : | അലൻ ഫ്രാൻസിസ് |
| അസോസിയേറ്റ് എഡിറ്റർ | : | വൈഷ്ണവ്.കെ |
| സമിതി അംഗങ്ങൾ | : | മരിയ ജാസ്മിൻ |
| | | ഫാത്തിമത്ത് സഫാന |
| | | തെരേസ ജോൺസൺ |
| | | അൽഫോൺസ വർഗീസ് |
| | | ഡെൽന ജോജോ |
| | | പൗളിൻ.വി |
| | | അന്ന മരിയ |
| | | സാന്ദ്ര മരിയ |
| | | ദേവിക.എൻ.കെ |
| | | സ്നേഹ തോമസ് |
| | | അമൃത.കെ |
| | | നജ ഫാത്തിമ |
| | | അസ്ന ഷെറിൻ |
| | | രഞ്ജു.പി |
| | | ദിൽന പങ്കജാക്ഷൻ |
| | | ഗോപിക.ഇ.വി |
| | | വിസ്മയ.എം.പി |
| | | വിസ്മയ.എം.ടി |
| | | അഷ്‌ളിൻ ജോസഫ് |
| | | മെൽബിൻ ബാബു |
| | | വിജയ് ശങ്കർ |
| | | ജോസഫ്.എസ് |
| | | യദു കൃഷ്ണ |
| | | അലൻ ജെയ്സൺ |
| | | ആബേൽ.ജെ.സാജൻ |
| | | അബിൻ ബിജു |
| | | അന്റണി തോമസ് , സൈമൺ.എ |

## സന്ദേശം

ചരിത്രം കൽപടവുകൾ പണിയുന്നു.മണ്ണിൻെറ സംസ്കാരവും അഭിവൃദ്ധിയും പുതുവഴികളിലേക്ക്തിരിച്ചുവിടുന്നു.അക്ഷരങ്ങളുടെ ലോകത്തേക്ക് ഒതുങ്ങിയ തലമുറയ്ക്ക് മുന്നിൽ ആധപനിക സാങ്കേതികതയുടെ വാതായനങ്ങൾ തുറക്കപ്പെട്ടപ്പോൾ എല്ലാം വിസ്മയക്കാഴ്ച്ചകളായ്.

ബി.വി.ജെ.എം.ഹയർസെക്കൻണ്ടറി സ്കൂൾ വിദ്യാർത്ഥികൾ നവ മാധ്യമങ്ങളെ ഉൾ പ്പെടുത്തി അണിയിച്ചൊരുക്കിയതാണ് "വരമൊഴി എന്ന ഇ-മാഗസിൻ" ഇതിലെ ഓരോ വരയും വരിയും സംഘബോധത്തിൻെറയും കൂട്ടായ്മയുടെയും സൃഷ്ടിയാണ്.ഇതിൻെറ പിന്നിൽ ഒത്തുചേർന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രോത്സാഹനവും പ്രചോദനവിമായി കൂടെ നിന്ന അദ്ധ്യാപകർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ നേരുന്നു.സഹകരണത്തിൻെറ മന്ത്രധ്വനികളും വിലയിരുത്തലുകളുടെ ഗുണനപട്ടികയും പ്രോത്സാഹനത്തിൻെറ നറുംപാലും വളർച്ചയുടെ മഹാത്ഭുതങ്ങളും നോക്കിക്കാണുന്ന ഇത്തരം മാഗസിനുകൾ ഇനിയും വെളിച്ചം കാണട്ടെ എന്ന് ആശംസിക്കുന്നു.

റവ:ഫാദർ ജോസഫ് പൂവത്തോലിൽ

മാനേജർ,ബി.വി.ജെ .എം ഹയർസെക്കൻ ണ്ടറി സ്കൂൾ പെരുമ്പടവ്

## Message

My dear Little kites,

Warm greeting from your head mistress.
I am very proud that you are going to release a magazine at the threshold of the new year
plane and implement task for the betterment of the society through your own personal development. We become richer and beautiful by the reflection of our thoughts and action. The attempt provides you all an authentic opportunity to learn more and it will also help you gain real life experience.
I congratulate the teachers who moulded and supported you by providing personal attention. I also extend my gratitude to Bindhu teacher and Radhakrishnan sir for their whole hearted service

With warm regards and best wishes.

Thankamma kurian
Headmisteress
B V J M H S S PERUMPADAVE

Message

It is immense pleasure for me to know that B.V.J.M.H.S.S ‘Little Kites’ team is going to publish a magazine which ensures the enrichment of each student to express their skill and talent through this scheme of work I hope and wish let the ‘Little Kites’ team members be the ambassadors of this prestige institutions.

Warm regards and well wishes from

Principal and staffs

വിദ്യാർത്ഥികളും സാങ്കേതിക വിദ്യയും........................................ 9

ആകാശം പെയ്ത് തുടങ്ങി........................................................... 12

ഹൃദയം..................................................................................... 14

അഭയം ..................................................................................... 16

അപ്പുവിന്റെ പരിപ്പുവട ............................................................ 19

THE WONDER OF SPRING...................................................20

നഷ്ടപ്പെട്ട തണൽ .......................................................................21

ഭൂമിയും സൂര്യനും.....................................................................24

വീണ്ടെടുത്ത ജീവിതം ...............................................................25

കവിയുടെ ഭാഷ..........................................................................27

The Tears of the Flowers in the Forest ....................................28

ഫോട്ടോഗ്രാഫർ .........................................................................29

നന്ദിതൻ നറുമലർ .....................................................................30

The Role of flowers in our life...................................................32

അമൂല്യമായനിധി.......................................................................33

വിശപ്പ് .....................................................................................35

മരണം.......................................................................................36

ആത്മാവിൽ അലിയുന്ന പൂവ് ....................................................37

നിനക്കായ്.......................................... ...................................38

നിരാശ......................................................................................39

തൂലിക .....................................................................................40

അറിഞ്ഞില്ല ഞാൻ ...................................................................41

ഇല പൊഴിയുന്ന രാത്രികൾ.......................................................42

# വിദ്യാർത്ഥികളും സാങ്കേതിക വിദ്യയും



നാം ഇന്ന് സാങ്കേതികവിദ്യയുടെ ലോകത്താണ് ജീവിക്കുന്നത്. തീർത്തുപറഞ്ഞാൽ
സാങ്കേതിക വിദ്യയാണ് ഇന്ന് ലോകം വാഴുന്നത്. കാലഘട്ടത്തിന്റെ വളർച്ചയ്ക്കനുസരിച്ച്
സാങ്കേതികവിദ്യയുടെ വളർച്ചയും നടന്നു കൊണ്ടിരിക്കുകയാണ്. പണ്ട് എല്ലാ മനുഷ്യരും
ഒത്തുചേരുമായിരുന്നു,അവർ സംസാരിച്ചും പാട്ടുപാടിയുമൊക്കെ ഉല്ലസിക്കും എന്നാൽ സമൂഹം
ഇന്ന് വളരെയധികം മാറിക്കഴിഞ്ഞിരുന്നു. അടുത്തറിയുന്നവർ തമ്മിൽ പരസ്പരം കണ്ടാൽ
മിണ്ടാത്ത കാലമാണിത് ഇതിൽ സാങ്കേതികവിദ്യയുടെ പങ്ക് വളരെ വലുതാണ്. ടിവി
മൊബൈൽ ഫോൺ കംപ്യൂട്ടർ എന്നിവ നമ്മെ ളുർത്തും മറ്റൊരു ലോകത്തേക്ക്
നയിച്ചുകൊണ്ടിരുക്കുകയാണ്. കേവലം ഒരു മൊബൈൽ ഫോണിന്റെയും ടിവിയുടെയും
മുന്നിലാണ് അവർ ചടഞ്ഞിരുന്ന് ജീവിതം കഴിച്ചുകൂട്ടുന്നത്.

പണ്ടൊക്കെ നാട്ടിൽ ഒരു നാടകമോ, കല്ല്യാണമോ

വന്നുചേർന്നാൽ അവിടുത്തെ നാട്ടുകാരും ബന്ധുക്കളും ഒത്തൊരുമിച്ചും കൂട്ടമായിരുന്നു
അത് അവർ തമ്മിലുള്ള ബന്ധങ്ങളുടെ ആഴം വർധിപ്പിക്കുമായിരുന്നു എന്നാൽ ഇന്ന് ഒരു നാടകമോ കല്ല്യാണമോ വന്നാൽ അവിടെ ആൾക്കാരുണ്ടാവില്ല. എല്ലാവരും എവിടെയാണ്?എല്ലാവരും ഫോണിൻെയോ ടിവിയുടെയൊ മുന്നിലായിരിക്കും പിന്നെ എങ്ങനെയാണ് ഇവർ മറ്റു സമൂഹ പരിപാടികളിൽ പങ്കുചേരുന്നത് ഇതിനെല്ലാം കാരണം സാങ്കേതികവിദ്യയാണ്.

വിദ്യാർത്ഥികൾ ഇന്ന് അമിതമായി സാങ്കേതികവിദ്യ കൈകാര്യം ചെയ്യുന്നു. അത് അവരെ ശാരീരികമായും മാനസികമായും വളരെയതികം ബാധിക്കുക തന്നെ ചെയുന്നു ആരോഗ്യസംഘടന നമ്മുടെ 2018 ലെ കണക്കനുസരിച്ച് ഇന്ത്യയിലെ 28 സംസ്ഥാനത്തിലായി 80 ശതമാമാനത്തിലതികം വിദ്യാർത്ഥികൾ സാങ്കേതികമായുള്ള മൊബൈൽ ഫോൺ, ടിവി എന്നിവയ്ക്കടിമപ്പെട്ടിരുന്നു. ഇതു പോലെ നമ്മുക്ക് പരിചിതമായ ഒരു പേരാണ് ബ്ലൂ വെയിൽ അത്ര പെട്ടെന്നൊന്നും നമ്മുക്ക് ആ പേര് മറക്കാൻ കഴിയില്ല റഷ്യൻ വിദ്യാർത്ഥി വികസിപ്പിച്ചെടുത്ത ഈ ഗെയിം കളിച്ച് മരിച്ചവരുടെ എണ്ണം വളരെയധികമാണ്. ഇതാണ് ഈ സമൂഹത്തിൻെ ഇന്നത്തെ അവസ്ഥ. കളിച്ചും പഠിച്ചും നടക്കേണ്ട നമ്മുടെ വിദ്യാർത്ഥികൾ സാങ്കേതികവിദ്യയുടെ ചതിക്കുഴികളിലേക്കാണ് വീണുകൊണ്ടിരിക്കുന്നത്. ഇതിലൊക്കെ ഏർപ്പെടുന്നവർ മാനസികമായി സമ്മർദം അനുഭവിക്കുന്നു. ക്ഷീണം ഉറക്കമില്ലായ്മ, പഠനത്തിന് അശ്രദ്ധ
എന്നിവയൊക്കെ അവരെ അലട്ടുന്നു.

ഒരു തരത്തിൽ പറഞ്ഞാൽ കേവലം ദൂഷ്യഫലങ്ങൾ മാത്രമല്ല സാങ്കേതികവിദ്യയുടെ ഉപയോഗത്തിലൂടെ ഉള്ളത്. മറിച്ച് അത് നന്നായി കൈകാര്യം ചെയ്താൽ നമ്മുക്ക് ഒരുപാട് പഠിക്കാൻ സാധിക്കും . ഇന്ന് സാങ്കേതികവിദ്യയുടെ
ഉപയോഗത്തിലൂടെ നമ്മുക്ക് ഒരുപാട് അറിവു കിട്ടുന്നു. വിദ്യർത്ഥികളുടെ ഉന്നമനത്തിനും മറിച്ച് അത് ദൂഷ്യമായി ഉപയോഗിച്ചാൽ താഴ്ച്ചയ്ക്കും സാങ്കേതികവിദ്യ കാരണമായി മാറുന്നു.

സാങ്കേതിക വിദ്യ കൈകാര്യം ചെയ്യുമ്പോൾ നാം ശ്രദ്ധിക്കേണ്ടത് നമ്മൾ

നമ്മളെ തന്നെ സൂക്ഷിക്കാനാണ്. സാങ്കേതിക വിദ്യയെ
നല്ലരീതിയിൽ ഉപയോഗിക്കു-
ന്നവർക്ക് അത് വളരെ ഉപയോഗപ്രദമായിരിക്കും. ഇന്നത്തെ സമൂഹം ചതിക്കുഴികളാൽ നിറഞ്ഞതാണ് എല്ലായിടത്തും കണ്ണുവേണം. ഒരിക്കൽ ചതിക്കുഴിൽ വീണാൽപ്പിന്നെ

ഉയർത്തെണിക്കാൻ വല്യ പാടാണ് . കടമ്മനിട്ടയുടെ കോഴി എന്ന കവിതയിൽ ഒരു കോഴിയമ്മ തന്റെ മക്കൾക്കു ഉപദേശിച്ചുകൊടുക്കുന്നുണ്ട്.

കണ്ണുവേണ മിരുപുറമെപ്പോഴും
കണ്ണുവേണം മുകളിലും താഴെയും
കണ്ണിലെപ്പോഴും കത്തിജ്ജ്വലിക്കുന്നൊരുൾക്കണ്ണുവേണം
അണയാത്ത കണ്ണ്

ഇത് ഇന്നതെ വിദ്യാർത്ഥികളോടാണ് പറയേണ്ടത്. സാങ്കേതിക വിദ്യയെ നന്നായി ഉപയോഗിക്കുക .പെരികാർഡിയം
സമൂഹത്തിന്റെ ചതിക്കുഴികളിൽ പെടാതിരിക്കുക മനുഷ്യജന്മങ്ങൾ സാങ്കേതിക വിദ്യയ്ക്കു പിന്നാലെ
സഞ്ചരിക്കുമ്പോൾ നാം ചിന്തിക്കേണ്ടതുണ്ട് നമ്മൾ ഏത് വഴിക്ക് പോകണമെന്നുള്ളത്

ലെന സുരേശ്

# ആകാശം പെയ്തു തുടങ്ങി




മന്ദം മന്ദം നീങ്ങുകയായി
മേഘത്തിൻ നിറ മാലകൾ
ചാർത്തി
ആകാശത്തിൽ കിഴിൽ നമ്മൾ
നീട്ടി കൈവിരൽ മെല്ലെയനക്കി
ആകാശം അതു കാണുക നാം
നോക്കുക കാണുക അകാശത്തിൽ
നയനമനോഹര ശിൽപ്പികളെ
ആകാശത്തൻ കോണിൽ നമ്മൾ
കാണും സുന്ദര താരകളെ
ആകാശം ഹാ എന്തൊരു ഭംഗി
സുന്ദര സ്വപന സായുജ്യം
ആകാശത്തിൻ കോണിൽ നിന്നും
വെള്ളി നൂലുകൾ പൊഴിയും പോൽ
വന്നു ഭൂമിയിൽ നിന്നും പതിച്ചു
വെള്ള തുള്ളികൾ ഓരോന്നും
സുന്ദരമാമി വർഷം ചൊരിയും
കാലമതോർമ്മയിൽ നിൽക്കുകയായ്
മഴപെയും നേരമതാ അമ്മ
ഓടിക്കയറി വീട്ടിൽ കയറി
മഴപെയും നെരത്ത് ചെടിക
ഒന്നായ് ആർത്തിരമ്പി പാട്ടുകൾ ചാടി
മഴക്ക് മിതെ മഴപെയ്തു കാലം

വന്നു ഇതാ ധരണിയിലേക്ക്
ആകാശം പല പാട്ടുകൾ പാടും
മഴയതിനൊപ്പം നൃത്തം ചെയ്യും
ധരണിതൻ മാറിൽ നിലംപതിക്കും
മഴയുടെ ദൗത്യം പൂർണ്ണമായി

രസ്ന നരായണൻ

# ഹൃദയം



1.ഹൃദയത്തെയും ഹൃദ്രോഗങ്ങളെയും പഠിപ്പിക്കുന്ന വൈദ്യശാസ്ത്രശാഖ?
കാർഡിയോളജി

2.രക്തപര്യയന വ്യവസ്ഥയുടെ കേന്ദ്രം?
ഹൃദയം

3.മനുഷ്യ ഹൃദയത്തിലെ അറകളുടെ എണ്ണം?
നാല്

4.അർബുദം ബാധിക്കാത്ത അവയവം?
ഹൃദയം

5.ഓക്സിജൻ അടങ്ങിയ രക്തം?
ശുദ്ധരക്തം

6."ഹൃദയത്തിൻെറ ഹൃദയം" എന്നറിയപ്പെടുന്നത്?
പേസ്മേക്കർ

7.രക്തസമ്മർദ്ദം വർദ്ധിക്കാൻ കാരണമായ ഭക്ഷണഘടകം?
ഉപ്പ്

8.ഹൃദയത്തെ പൊതിഞ്ഞിരിക്കുന്ന ഇരട്ടസ്തരമുള്ള ആവരണം?
പെരികാർഡിയം

9.പ്രായപൂർത്തിയായ ഒരാളുടെ ഹൃദയസ്പന്ദനനിരക്ക് ?
ഒരു മിനിട്ടിൽ ഏകദേശം 72 തവണ

10.മനുഷ്യശരീരത്തിലെ ഏറ്റവും വലിയ രക്തക്കുഴൽ?
മഹാധമനി

11.മനിഷ്യശരീരത്തിലെ ഏറ്റവും വലിയ ധമനി?
മഹാധമനി

12.മനുഷ്യശരീരത്തിലെ ഏറ്റവും വലിയ സിര?
അധോമസിര

13.മനുഷ്യൻെറ സാധാരണ രക്തസമ്മർദ്ദം?

120/80mm Hg

14.രക്തസമ്മർദ്ദം കുറയുന്ന അവസ്ഥ?

ഹൈപ്പോടെൻഷൻ

15."നിശബ്ദ കൊലയാളി"എന്നറിയപ്പെടുന്നത്?

അമിതരക്തസമ്മർദ്ദം

ദിയ പ്രകാശ് ടി വി

# അഭയം



ഒരു ഓഗസ്റ്റ് മാസം.മഴ വളരെ വാശിയോടെ തകർത്ത് പെയ്യുകയാണ്.മഴയെ തോൽപ്പിക്കാൻ എന്നവണ്ണം കാറ്റും ശക്തിയായി വീശുന്നുണ്ട്.സാറ അവളുടെ കൈപിടിയിൽ പിടിച്ച് മഴ നോക്കി നിൽക്കുകയാണ്.എല്ലാവരും മഴ കണ്ട് സന്തോഷിക്കുമ്പോൾ അവളുടെ മുഖത്ത് ഭയമാണ് തളം കെട്ടി നിൽക്കുന്നത്.അവളുടെ കുട്ടികാലത്തിലേക്ക് ആ മഴ അവളെ കൂട്ടിക്കൊണ്ടുപോയി.

ചെറുപ്പത്തിൽ പതിനൊന്നു വയസ്സുവരെ മഴ വരുന്നുണ്ട് എന്ന സന്ദേശവുമായി കാർമേഘങ്ങൾ എത്തുമ്പോഴേക്കും അവൾ ഓടി മുറ്റത്തേക്കിറങ്ങും. എന്നിട്ട് ദൂരെ നിന്നു വരുന്ന അതിഥിയെ സ്വീകരിക്കാൻ എന്നവണ്ണം ഒരുങ്ങിനിൽക്കും.മഴ എന്നത് അവളുടെ പ്രിയപ്പെട്ട കൂട്ടുക്കാരനായിരുന്നു.മഴക്കാലം അവൾക്കും അവളുടെ കൊച്ചനുജൻ അഞ്ചുവയസ്സുക്കാരൻ സാമിനും ഉത്സവസാദൃശ്യമായ നാളുകളായിരുന്നു.

മഴവെള്ളം തളംകെട്ടി നിൽക്കുന്ന വഴികളിലൂടെ അവർ സ്കൂളിലേക്ക് പോകുമ്പോൾ അവർ സാധാരണ സ്കൂൾ ദിവസങ്ങളേക്കാൾ ഉത്സാഹമുണ്ടാകാറുണ്ടായിരുന്നു.അച്ഛൻ ജേക്കബ് അവർ വീട്ടിലെത്തുമ്പോഴേക്കുമേ ഓഫീസിൽ നിന്ന് വരികയുള്ളൂ.അവർ വീട്ടിലെത്തുമ്പോഴേക്കും അമ്മ സിനി കാപ്പി തയ്യാറാക്കി പലഹാരവും ഉണ്ടാക്കി

അവരെ കാത്തിരിക്കുന്നുണ്ടാവും.അപ്പോൾ തന്നെയാണ് മഴയും എത്താറ്.പിന്നെ അച്ഛനോടും അമ്മയോടും ഒപ്പം ആ രണ്ട് കുട്ടികളും മഴയെ എതിരേൽക്കും.

ഒരു ദിവസം കാർമേഘം പതിവുള്ളതിനേക്കാൾ ശക്തിയിൽ ആകാശത്ത് നിറഞ്ഞു.എന്താണ് തൻെറ കൂട്ടുക്കാർക്ക് ഇന്ന് സംഭവിച്ചത്.എന്ന് അവൾ ചിന്തിച്ചു.അന്ന് ഉച്ചയോടെ സ്കൂൾ അടച്ചു. എന്താണ് സംഭവിച്ചതെന്ന് മനസ്സിലായില്ലെങ്കിലും അവൻ വീട്ടിലേക്ക് പോയി.അച്ഛനും അപ്പോൾ വീട്ടിലേക്ക് എത്തിയിരുന്നു. ഇന്ന് വളരെ ശക്തമായ മഴ പെയ്യുമെന്നും വലിയ കാറ്റടിക്കുമെന്നും വലിയ നാശനഷ്ടങ്ങൾ സംഭവിക്കാൻ സാധ്യതയുണ്ടെന്നും അച്ഛൻ പറഞ്ഞപ്പോൾ സാറയ്ക്ക് വിശ്വസിക്കാനായില്ല.തൻെറ കൂട്ടുക്കാരൻ ആർക്കും ഒരാപത്തും വരുത്തുകയില്ലെന്ന് അവൾ വിശ്വസിച്ചു.എന്നാൽ അച്ഛൻ പറഞ്ഞതുപ്പോലെ തന്നെ സംഭവിച്ചു.പല സ്ഥലങ്ങളിലും പല അപകടങ്ങളുംഉണ്ടായി.മഴയുടെ സംഹാരരൂപം സാറയും സാമും അന്ന് ആദ്യമായി കണ്ടു. അവർ അച്ഛനോടും അമ്മയോടും ചേർന്നിരുന്നു.

വലിയ പേടിയോടെയാണ് അവർ രാത്രി കിടന്നുറങ്ങിയത്.തുടർന്നുള്ള ദിവസങ്ങളിലും സമാനരീതിയിലുള്ള സംഭവങ്ങൾ ഉണ്ടായി.കുറച്ച് ദിവസങ്ങൾക്കുശേഷം മഴയുടെ ശക്തി കുറഞ്ഞു.നാശനഷ്ടങ്ങൾ കുറഞ്ഞു.അന്നാണ കുറച്ച് ദിവസങ്ങൾക്കുശേഷംഅവർ സ്വസ്ഥമായി ഉറങ്ങിയത്.എന്നാൽ മഴ അവരെ കാത്തിരുന്നത് മറ്റൊരു രൂപത്തിലായിരുന്നു.രാത്രിയിൽ അതിശക്തമായി മവ പെയ്തു.അവരുടെ വീടിനു മുകളിലെ മലയിൽ ഉരുൾപ്പൊട്ടി.അതു ചെന്നുവീണത് അവരുടെ വീടിന് മുകളിലേക്ക് ആയിരുന്നു.ഒന്ന് അലറി വിളിക്കാനോ രക്ഷപ്പെടാനോ കഴിയുന്നതിനുമുമ്പേ അവരെ മണ്ണും പാറക്കല്ലുകളും പൊതിഞ്ഞു.

പിന്നെ എപ്പഴോ കണ്ണ് തുറന്നപ്പോൾ സാറ ആശുപത്രിയിലായിരുന്നു.തൻെറ അച്ഛനും അമ്മയും കുഞ്ഞനുജനും അഞ്ച് ദിവസത്തിനുമുമ്പേ മരിച്ചു എന്ന സത്യം അവൾ മനസ്സിലാക്കി.

ആരോ വാതിലിൽ മുട്ടുന്ന ശബ്ദം കേട്ടാണ് അവൾ ചിന്തയിൽനിന്ന് ഉണർന്നത്. അപ്പോഴേക്കും അവളുടെ കണ്ണിലൂടെ മഴ പെയ്യുന്നതുപോലെ കണ്ണുനീർ

ഒഴുകുന്നുണ്ടായിരുന്നു. അവൾ അത് വേഗം തുടച്ചു. വാതിൽ തുറന്നപ്പോൾ പുറത്ത് അനുവും വിവേകും അഹമ്മദും ആമിനയുമായിരുന്നു.

അവർ ഇത്രവേഗം വന്നോ എന്ന് അവൾ ആശ്ചര്യപ്പെട്ടു. അവരെല്ലാവരും അവളെപ്പോലെ മഴ വരുത്തിവച്ച ഓരോ ദുരന്തങ്ങളെയും അതുജീവിച്ചവരാണ്.അതിന്റെ ക്രൂരതയിൽ കുടുംബം നശിച്ച് അനാഥരായവരാണ്. ഒരുമിച്ച് അനാഥാലയത്തിൽ വളർന്നവരാണ്.വലുതായപ്പോൾ ജോലി ആവശ്യങ്ങൾക്കായി പല സ്ഥലങ്ങളിലേക്കും പോയി. ഓണം ആഘോഷിക്കാൻ അവർ ഒത്തുചേർന്നതായിരുന്നു. പക്ഷെ ,അതുശക്തമായ മഴയിൽ തങ്ങളെപ്പോലെ ദുരിതം അനുഭവിക്കുന്നവരുടെ വേദനിയ്ക്കുമുമ്പിൽ കണ്ണടയ്ക്കാൻ,അവർക്ക് കഴിയില്ല.

മഴ തോർന്നപ്പോൾ അവർ മുറ്റത്തേക്കിറങ്ങി.തങ്ങളെ പോലെ ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുന്നവർക്ക് അഭയം ഏകാൻ,അവർക്ക് പുതിയ കരുത്തും ജീവിതവും നൽകാൻ.....

സാന്ദ്ര ഷാബു

# അപ്പുവിന്റെ പരിപ്പുവട



പതിവുപോലെ അപ്പു സ്കൂൾ വിട്ടുവന്നു.
ബാഗ് തിണ്ണയിലൊരേറ്, ഹാവൂ...സമാധാനമായി.
അവൻ കുളിക്കാനായി തോട്ടിലേക്ക് പോയി. കുളി കഴിഞ്ഞ് അവൻ തിരികെ വീട്ടിലേക്ക് മടങ്ങി.
ഹാവൂ... എന്തൊരു സുഖം, അടുക്കളയിൽ നിന്നു.

 മൂക്ക് തുളച്ചുകയറുന്ന മണം. ഏതോ എണ്ണപ്പലഹാരത്തിന്റെ
യാണ്. അവൻ അടുക്കളയിൽ ചെന്നു.

പരിപ്പുവട അവൻ നോക്കി. അമ്മയുടെ അനുവാദത്തോടെ മൂന്നെണ്ണം അവൻ എടുത്തു. എന്നിട്ട് വീട്ടുപടിക്കൽ ഇരുന്നു.

അപ്പോൾ വഴിയിലൂടെ യാചകൻ വരുകയായിരുന്നു അവൻ
യാചകനെ നോക്കി. അവൻ അയാളുടെ അടുത്തുചെന്നു.

അയാളുടെ കണ്ണുനീർ അവനെ അലിയിപ്പിച്ചു. അവൻ പരിപ്പുവടയിലൊന്നെടുത്ത് അയാൾ ക്കകൊടുത്തു.അതിലൊരുപരിപ്പുവടയെടുത്ത് അതിലേപോയ തെരുവുനായക്ക് കൊടുത്തു. ബാക്കിവന്ന പരിപ്പുവട അവനും തിന്നു. ഇത് അവൻ
അമ്മയോട് പറഞ്ഞു. അമ്മയ്ക്ക് ഇതുകേട്ട് സന്തോഷവായി. അമ്മ അവനെ കെട്ടിപ്പിടിച്ച് വാരിപ്പുണർന്ന് ഉമ്മവച്ചു.

വിസ്മയ.എം.ടി

# THE WONDER OF SPRING


shutterstock.com • 380327788

As a small baby reed
Sleeping in the bed of soil
Awaken on the
part of time
As a snow life
Smiling towards the rays
of light

She is the voice and voice of nature
One who listen to the rustling of leaves
One who enjoys with the rhythm of word
She is lover of butterflies and sister
of bees and beetles

She lover the tickles of butterflies
she likes the leezzes of lees
she leegam to rem
on morning till might

she is a florramed spring lady
who lovers to fly in her dreams

At last she dies like a teacher
Rirlin and morning a mother
janova maria joseph

## നഷ്ടപെട്ട തണൽ



അലഞ്ഞുതിരിഞ്ഞു നടക്കുന്ന മഞ്ഞക്കിളി ഒട്ടും മടുപ്പുതോന്നാതെ ഇപ്പോഴും അലയുന്നു. മനുഷ്യരുടെ കൊട്ടും ക്രൂരതയും വെറുപ്പും ഈ പ്രകൃതിയെ ഒന്നാകെ നശിപ്പിക്കുന്നു.എങ്ങും തലകൾ ഉയർത്തി നില്ക്കുന്ന കെട്ടിങ്ങൾ മാത്ര.എവിടെയെങ്കിലും ഇറ്റിറ്റ് വീഴുന്ന പച്ചപ്പ് ഉണ്ടോ എന്ന് അവൾ അന്വേഷിക്കുകയാണ്.

അതെ മനുഷ്യന്റെ ഈ കൊടുംക്രൂരതയ്ക്ക് എന്ന് ഒരു അന്ത്യം വരും?മഞ്ഞക്കിളി പച്ചപ്പ് അന്വേഷിച്ച് യാത്രചെയ്യുന്നു.

വളരെക്കാലമായി ഒരു അഭയം തേടി അലയുകാണ് ഈ മഞ്ഞക്കിളി.താൻ വളരെ കഷ്ടപ്പെട്ട് ഉണ്ടാക്കിയെടുത്ത കൂട് ഇരുന്ന മരം ഇന്ന് പോയ്മറഞ്ഞു. എങ്ങും മരങ്ങൾ ഉണ്ടായിരുന്ന ഈ നാട്ടിൽ ഇന്ന് മരങ്ങൾ കണ്ണുകൾക്ക് അജ്ഞാതമാണ്.

ഒരു മരം തേടി അലയുന്ന മഞ്ഞക്കിളി ഒടുവിൽ ഒരു മരം കണ്ടെത്തി. എന്നാൽ മഞ്ഞക്കിളി നോക്കിയപ്പോൾ ആ മരത്തിന്റെ താഴെ തന്നെപ്പോലെ ഒരു അഭയം ഇല്ലാത്ത ചിലർ.വളരെ വിഷമം തോന്നുന്ന മുഖങ്ങൾ,കരഞ്ഞുകരഞ്ഞു കണ്ണിലെ വെള്ളം വറ്റിയിരിക്കുന്നു.

മഞ്ഞക്കിളി അവരുടെ ദു:ഖം അറിയാൻ ധൃതിയായി ഏറെ കാലത്തെ കാത്തിരിപ്പിനുശേഷം കണ്ടെത്തിയ മരത്തിൽ മഞ്ഞക്കിളി തന്റെ കൂട് നിർമ്മിക്കുക എന്ന ദൗത്യം മറന്ന് ആ വൃദ്ധരുടെ മുൻപിൽ ചെന്നുനിന്നു. തീർത്തും സഹിക്കുവാൻ പറ്റാത്ത കാര്യങ്ങൾ.ഒരു കുന്തം എന്നെ തുളച്ചുകീറിയതായി എനിക്ക് അനുഭവപ്പെട്ടു.ഇത്രയ്ക്കും ക്രൂരരാണോ മനുഷ്യർ.

കൃഷിയിലൂടെ തങ്ങളുടെ ജീവിതം മുമ്പോട്ട് നയിച്ചവരായിരുന്നു അവർ. നിറയെ മായവും മന്ത്രവും മനുഷ്യരുടെ ഭക്ഷണത്തിൽ ചേർത്തു വില്ക്കുന്ന മനുഷ്യരുടെയിടയിൽ ഒട്ടും മായം ചേർക്കാതെ കൃഷി മുമ്പോട്ട് നയിച്ചവരായിരുന്നു അവർ. ദിവസവും മൂന്നുനേരം ഭക്ഷണമായി തങ്ങളുടെ മുൻപിലോട്ട് എത്തുന്ന ഭക്ഷണം ഉണ്ടാക്കാൻ കൃഷിക്കാർ പൊഴിക്കുന്ന വിയർപ്പുതുള്ളികളുടെ എണ്ണം ഇവർക്കറിയണ്ടല്ലോ?

ഉദ്യോഗസ്ഥരുടെ ക്രൂരമായ പീഢനത്തിന് ഇരയായവരായിരുന്നു ആ വൃദ്ധർ. അഞ്ചാറ് വർഷങ്ങൾക്കുമുമ്പ് നടന്ന കഥ വൃദ്ധൻ ചുരുക്കി പറയുവാൻ തുടങ്ങി.

"സുഖത്തിലും എന്നാൽ ദു:ഖത്തിലും ഒരുപോലെ യാത്രചെയ്യുവരാണ് ഞങ്ങൽ.”

കഴിവിനൊത്തവണ്ണം കഷ്ടപ്പെട്ട് ജീവിതം കെട്ടിപടുത്തിയരാണവർ.

"ദിവസവും ഹോട്ടലിൽ ചെന്ന് ഫാസ്റ്റ് ഫുഡ് വാങ്ങി ഏമ്പക്കം വിട്ട് കാശ് കൊടുത്ത് ഇറങ്ങിവരുന്ന ഉദ്യോഗസ്ഥർക്ക് മനുഷ്യരുടെ കഷ്ടപ്പാട് അറിയേണ്ടല്ലോ?” പുച്ഛഭാവത്തോടെ ആ കൃഷിക്കാരൻ പറഞ്ഞു.

ഒരേയൊരു മകളും താനും ചേരുന്നതായിരുന്നു അതിൽ ഒരു വൃദ്ധന്റെ കുടുംബം. ഫ്ലാറ്റ് കെട്ടണം എന്ന് പറഞ്ഞ് ഞങ്ങളുടെ കൃഷിയിടം വാങ്ങിക്കാനായി ഒരുകൂട്ടം ഉദ്യോഗസ്ഥർ അവിടെ വന്നു.എന്നാൽ തന്റെ ചോരയായ ആ കൃഷിയിടം വിട്ടുനൽകാൻ അവർ വിസ്സമ്മതിച്ചു. കാരണം കൃഷി പോകും എന്നുള്ള പേടി മാത്രമല്ല തന്റെ വീടും ആ കൃഷിയിടത്തോട് ചേർന്നായിരുന്നു. ഈ കുഞ്ഞു മൺകുടിലിനു പകരം ഒന്നാന്തരം ഫ്ലാറ്റ് ഞങ്ങൾ നിങ്ങൾക്കു നൽകും എന്ന് അവർ വാഗ്ദാനം ചെയ്തു. എന്നാൽ

ജീവിക്കുവാൻ വേറെ വരുമാനം ഇല്ലാത്തതിനാൽ അവർ വീണ്ടും
വാഗ്ദാനം ചെയ്തു. പക്ഷെ തൻെറ മകൾക്ക് എന്ത് സംഭവിച്ചു എന്ന് ആ വൃദ്ധൻ പറഞ്ഞില്ല. ആകാംക്ഷയോടെ ഞാൻ ചോദിച്ചു
എന്നാൽ ആ വൃദ്ധൻ ഒഴിഞ്ഞുമാറി.

ഒടുവിൽ ആ ദു:ഖത്തിൻെറ പേരിൽ അവർ ആ സ്ഥലം അവർക്ക് നൽകി.വരാനിരിക്കുന്ന പുതിയ വീടും ജോലിയുമാണ് പിന്നെ ഒരാശ്വാസം. പക്ഷെ വൃദ്ധൻ എന്തൊക്കെയോ മറക്കുന്നു.ഒന്നു തമ്മിൽ ബന്ധമില്ല.ഞാൻ ചോദിച്ചു "എന്ത് ദു:ഖം?"വൃദ്ധൻ വീണ്ടും ഒഴിഞ്ഞുമാറി.

അദ്ദേഹത്തിൻെറ കണ്ണിൽ നിന്ന് കണ്ണീർ ചോരയായി വന്നുതുടങ്ങി. എവിടെയോ കണ്ട് നല്ല ബന്ധമുള്ള കണ്ണുകൾ. ഞാൻ ഒന്നാലോചിച്ചു. തൻെറ പഴയ കൂട്ടുണ്ടായിരുന്നിടത്തും ഇതുപോലെ ഒരു വൃദ്ധൻ
ഉണ്ടായിരുന്നു. തനിക്ക് എപ്പോഴും തീറ്റതരുന്ന ഒരു വൃദ്ധൻ. തന്നെയും തൻെറ കുഞ്ഞുങ്ങളേയും
ഒരുപോലെ സ്നേഹിച്ച വൃദ്ധൻ.പക്ഷെ ആ വൃദ്ധൻ മരിച്ചു.

ആ വൃദ്ധൻ വീണ്ടും കഥ തുടങ്ങി. ഫ്ലാറ്റ് പണിതു. ജോലിയും ഒരു അഭയവും തേടി അദ്ദേഹവും തൻെറ കൂട്ടാളികളും അവിടെ ചെന്നു. എന്നാൽ തന്നെ അറിയുകപോലും ഇല്ല
എന്നു പറഞ്ഞ് അവരെ ആട്ടിപ്പുറത്താക്കി.

പക്ഷെ ഞാൻ വീണ്ടും ചോദിച്ചു. തൻെറ മകൾക്ക് എന്ത് സംഭവിച്ചു? മനസില്ലാമനസ്സോടെ നീറിപ്പുകഞ്ഞ് ആ വൃദ്ധൻ പറഞ്ഞു.


"കൊന്നതാ എൻെ മകളെ!"

സ്ഥലത്തിനു വേണ്ടി പെട്ടന്ന് ഒരുകൂട്ടം ആളുകൾ അവിടെയെത്തി ശേഷിച്ച ആ മരവും മുറിച്ചു. ഞാൻ വീണ്ടും ദുഖത്തിൻെറ താഴ്വരയിൽ
പെട്ടു. ഉണ്ടായിരുന്ന മരം എല്ലാം ഇവർ വെട്ടി. എന്നാൽ എന്നെയും വെട്ടികീറുക എൻെറ മകളെ കൊന്നതുപോലെ.

അഭയം തേടി മഞ്ഞക്കിളിയുടേയും വൃദ്ധരുടേയും യാത്ര ഇപ്പോഴും തുടരുന്നു. എന്ന് ഒരറുതി വരും ഈ കൊടും ക്രൂരതക്ക്.

കെവിൻ കെ ജിയോ

# ഭൂമിയും സൂര്യനും



കുളിർ മഴയിൽ കുളികഴിഞ്ഞ ഭ്രമി
ഇളവെയിലിൻ പുടവ ചുറ്റും ഭ്രമി
കിളികൾക്ക് കനികൾ നൽകും ഭ്രമി
മലമകൾക്കളുൾയവളാം ഭ്രമി
അകലെയാണ് പ്രിയതമനാം ദേവൻ
അരുമപ്പൊൻ കതിർ ളുകും സൂര്യൻ
അവനെയവൾ തൊഴുതുവലം വെയ്ക്കെ
അരിയ മലർച്ചൊടിയിലൊരേ മന്ത്രം

"വെളിച്ചമേ! നയിച്ചാലുമെന്നെ!
വെളിച്ചമായ് മാറ്റുക നീയെന്നെ!”

വിജയ് ശങ്കർ

# വീണ്ടെടുത്ത ജീവിതം



ആരോരും ഇല്ലാത്ത ഈ ലോകത്ത് അലഞ്ഞുതിരിഞ്ഞു നടക്കുന്ന എത്രപേരുണ്ട് കേറികിടക്കാൻ ഒരു ഇടവുമില്ലാത്ത എത്ര എത്ര , ആൾക്കാർ അങ്ങനെ നടക്കുന്ന വ്യക്തികളെ നിങ്ങൾ എപ്പോഴെങ്കിലും ശ ദ്ധിച്ചിട്ടുണ്ടോ നമ്മളിൽ പലരും അവരെ കാണുന്നില്ല. എന്നല്ല ഞാൻ ഉദ്ദേശിച്ചത് . അവർ അങ്ങനെയുള്ളവരെ ശ്രദ്ധിക്കാറില്ല അത്ര തന്നെ ,പക്ഷേ നമ്മൾ നമ്മുടെ ചുറ്റവട്ടത്തുള്ള അവരെ പോലെയുള്ള ആളുകളെ ശ്രദ്ധിക്കണം അവരുടെ ജീവിതത്തിലേക്ക് ഒന്ന് കണ്ണ് ഓടിച്ച നോക്കണം അപ്പോൾ നമ്മുക്ക് മനസ്സിലാകും അവരുടെ ജീവിതത്തെപ്പറ്റി അവർ എങ്ങനെയാണ് അവരുടെ ജീവിതത്തിലെ ഒരോ നിമിഷങ്ങളും തള്ളി നീക്കുന്നത് എന്ന് അവർക്ക് ഒരു ജോലിയും ഇല്ല അവർക്ക് എവിടെ നിന്നും കാശും കിട്ടാറില്ല ഒരു നേരത്തെ ആഹാരത്തിനുവേണ്ടി മനം നൊന്തു കരയുന്നവരാണ് അവരിൽ പലരും അവരെ ഒന്നും ആരും ശ്ര ദ്ധിക്കാറില്ല അവിശ്യത്തിലേറെ പണം ചെലവാക്കി ആർ ഭാടത്തോടുകൂടി ജീവിക്കുന്നവരെയാണ് നമ്മുടെ ഇന്നത്തെ തലമുറ ശ്ര ദ്ധിക്കുന്നത് അവർ എന്തു തോന്നിവാസം കാണിച്ചാലും ഒരു പ്രശ്നവുമില്ല . ഇങ്ങനെ ക്ഷട്ടപ്പെടുന്നവർ ആരോടെങ്കിലും ഒന്നു സംസാരിച്ചാൽ അതു തെറ്റ്. ഇങ്ങനെയുള്ള പാവങ്ങളെ ഒക്കെ ആരെങ്കിലും ഉപദ്രവിച്ചാലും അവഗണിച്ചാലും ഒരു പ്രശ്നവുമില്ല ഒരു ആവശ്യമിലാതെയാണ് ഇന്നത്തെ സമൂഹം അവരെ കയ്യേറുന്നത് . നിങ്ങൾ എല്ലാം അറിയാവുന്ന ഒരു വ്യക്തിയാണ് എന്ന് തോന്നുന്നു . വിശപ്പ കൊണ്ടു സഹിക്കാൻ വയ്യാതെ ഒരു ഇത്തിരി ചോറ് കട്ടുതിന്ന ഒരു ചെറുപ്പക്കരനെ അതിക്രൂരമായി മർദ്ദിച്ച കൊന്ന ഒരു സമൂഹമാണ് നമ്മുടേത് അവൻ വേറൊരു തെറ്റും ചെയ്തില്ല വിശപ്പ മൂലം കുറച്ച് ചോറു കട്ടു തിന്നു അതാണ് ഒരു കൊട്ടം കുറ്റക്രിത്ത്യമായി കണ്ട് അവനെ വധിച്ചത് ഇതുപോലെ തന്നെ ഒരു

ആരുമില്ലാത്ത ഒരു സ്ത്രീയുടെ കഥയാണ് ഞാൻ പറയുന്നത് അവരുടെ ജീവിതത്തിൽ അവർക്ക് നേരിടേണ്ടിവരുന്ന കഷ്ടപ്പാടുകളുമൊക്കെയാണ് എന്റെ കഥയിലുള്ള് ഈ കഥ ഒരു ഗ്രാമത്തിലാണ് നടക്കുന്നത് നല്ല പച്ചപ്പും മനോഹാരിതയും ഉള്ള ഒരു ഗ്രാമം ആ ഗ്രാമത്തിലുള്ള ഒരു അമ്മമ്മയുടെ കഥയാണ് ഇത് . അമ്മമ്മയ്ക്ക് മൂന്ന്ു കൊച്ചുമക്കൾ ഉണ്ട് ഈ മക്കളുടെയും അമ്മമ്മയുടെയും ജീവിതമാണ് ഈ കഥയിൽ കാണുന്നത് അവർ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളുമൊക അമ്മമ്മ വളരെ കഷ്ട്ടപ്പെട്ടാണ് ആ മൂന്ന് മക്കളെ വളർത്തിയത്. അവരുടെ അമ്മ ചെറുപ്പത്തിൽ തന്നെ മരിച്ചിരുന്നു. അവരുടെ അമ്മയെ കെട്ടിയത് ഒരു കുടിയനായിരുന്നു ഒരു ദിവസം രാത്രിയിൽ ഇയാൾ കുടി കഴിഞ്ഞ് വന്ന് തന്റെ ഭാര്യയെ കൊന്നു കളഞ്ഞ് . വാവിട്ടു കരയുന്ന പിഞ്ചുകുഞ്ഞുങ്ങളെ വിട്ട് ആ ദുഷ്ട്ടൻ എങ്ങോട്ടോ ഓടി പോയി . പീന്നിട് ഈ മക്കൾക്ക് അഭയമായി ആരും ഇല്ലാതിരുന്ന സമയത്ത് അമ്മമ്മയാണ് ഇവരെ ഏറ്റെടുക്കുവാൻ കടന്നു വന്നത് . ഈ മൂന്ന് കുഞ്ഞുങ്ങളെയും എന്ത് ചെയ്യണം എന്ന് അറിയാതെ അമ്മമ്മ നന്നേ വിഷമിച്ചു . സഹായിക്കാൻ ആരും ഇല്ലാത്ത ഒരു ദുർബല നിമിഷം എന്നിട്ടും ആ അമ്മമ്മ ധൈര്യം കൈവെടിയാതെ പിടിച്ചുന്നു ആ വയ്യാത്ത അമ്മമ്മ കുറച്ചുനാൾ വീട്ടിലുള്ളതുകൊണ്ടു ഭക്ഷണമൊക്കെ പാകം ചെയ്ത് ആ വീട്ടിൽ കഴിഞ്ഞു കൂടി പിന്നീട് രക്ഷയില്ലെന്ന് കണ്ടപ്പോൾ ആ അമ്മമ്മ കൂലി പണി തുടങ്ങി അങ്ങനെ ആരോടും പരിഭവം പറയാനില്ലാതെ അമ്മമ്മ ആ മക്കളെ വളർത്തുന്നു അമ്മമ്മയ്ക്ക് ഉടുക്കാൻ സാരികളില്ല പൈസ സൂക്ഷിക്കാൻ ഒരു പേഴ്സ് ഇല്ല കരഞ്ഞ് കണ്ണീർ വറ്റിയ ഒരു കിണറാണ്

അമ്മമ്മയുടെ കണ്ണുകൾ ഭൂമിയുടെ ചെവിയിൽ സങ്കടം പറയാൻ വിണ്ടു കീറിയ പാദങ്ങൾ പക്ഷേ അമ്മമ്മ മക്കളെ വളർത്തി വലുതാക്കി ഇതായിരുന്നു അമ്മമ്മയുടെയും കൊച്ചുമക്കളുടെയും ജീവിതം .

ബിയോൺ ബേബി

# കവിയുടെ ഭാഷ

കടലിൻ ഭാഷയ്ക്ക്തിരില്ല
കരയുടെ ഭാഷയ്ക്ക്തിരില്ല
കാറ്റും മുകിലും
മലയും കുളിരും
എഴുതും ഭാഷയ്ക്ക്തിരില്ല
കവിതക്കിളിയുടെ
പുലരിച്ചുണ്ടിൽ
വിരിയും ഭാഷയ്ക്ക്തിരില്ല



അതിലൊരു ഭാഷ
എനിക്കറിയാം
അതിനാൽ ഞാനൊരു കവിയായി

വൈഷ്ണവ് കെ

# The Tears of the Flowers in the Forest



Oh my dear people
Please smile at me
I am the flower of forest
I has no beauty and
I has no fragrance
Also please loot at me once...
Oh my dear people
Please care me
as like your pet
with sorrow; I am telling
My people please;
talk to me sometimes
I am your best friend
For ever in my life

Abina Binu

# ഫോട്ടോഗ്രാഫർ



വിശക്കുന്ന ക്യാമറയുമായി അയാൾ തെരുവിലേക്കിറങ്ങി.ചൂടുള്ള രംഗങ്ങൾ ഒപ്പിയെടുക്കണം.ക്യാമറയുടെ വയർ നിറയ്ക്കണം.അയാൾ ജനക്കൂട്ടം ഒഴികുന്ന നിരത്തിലൂടെ ക്യാമറയെ നെഞ്ചിൽ ചേർത്ത് വെച്ച് പരതി നടന്നു.പെട്ടെന്ന് സ്മാർട്ട്ഫോൺ മെസ്സേജ് വന്നു എന്നറിയിച്ചുകൊണ്ട് തൊണ്ടയനക്കി."ടി.ആർ സ്ട്രീറ്റിൽ വാഹനാപകടം,സ്കൂൾ വാനും ബസ്സും".അയാൾ ആർത്തിയോടെ സംഭവസ്ഥലത്തേക്ക് കുതിച്ചു.ആളുകൾ കൂടുന്നതേയുള്ളൂ.അയാൾ നിളത്തിലും വീതിയിലും അഞ്ചാറ് ക്ലിക്ക് ചാർത്തി.എടുത്ത ഫോട്ടോകൾ പരിശോധിച്ച് സ്വയം അഭിമാനം കൊണ്ടു.പെട്ടെന്ന് രക്തം ചാലിച്ച പിഞ്ചു കുഞ്ഞുങ്ങളുടെ ഇടയിൽ ഒരു പരിചയ മുഖം.ദൈവമേ, എന്റെ മോള് !! അയാൾ ക്യാമറ വലിച്ചെറിഞ്ഞ് ഓടി.നിരത്തിൽ വീണ ക്യാമറ കണ്ണടയ്ക്കും മുമ്പ് ആ കുഞ്ഞു കണ്ണുകൾ അടഞ്ഞിരുന്നു.

ഫാത്തിമത്ത് സഫാന

# നന്ദിതൻ നറുമലർ



ഞാൻ  നോക്കിയില്ല അവൻ മുഖം
ഓർത്തില്ല നിൻെ ആ കരുണ
വിഷാദം എന്നെവിഴുങ്ങിടും നേരം
ഞാൻ തളർന്ന് വീണു
കോപമോ  ദു:ഖമോ ഞാൻ  നടുങ്ങി
സ്നേഹമോ പകയോ എന്നെ തളർത്തി
തലതെറിച്ചവൻ എന്ന് എന്നെ പഴിച്ചു
നന്നാവില്ലാരിക്കലുമെന്ന് വിധിച്ചു
പതറി വീണു ഞാൻ ആ വാക്കുകളിൽ
കരുതലായി തലോടലായി തീർന്ന മടിയിൽ
ഒരിക്കലു കൈവിടാത്ത ആ സ്നേഹത്തെ
ഓർത്തില്ല ഞാൻ നോകിക്കിയില്ല അവൻ മുഖം
ഭയമായിരുന്നൻ കണ്ണുകളിൽ
ഭീതിയായിരുന്നെൻ മനസുകളിൽ
തള്ളിപറഞ്ഞ നാവിനു ഞാൻ
സ്വകരീച്ചവിട്ടുത്തെ ശരീരം
തിരിഞ്ഞു ഞാൻ ആ തിരു സന്നിധിയിലേക്ക്
കരുണയാൽ ആലിയുന്ന മനസ്സും
പുഞ്ചിരിച്ചു  അവൻ എൻെ മുഖം നോക്കി
ഞെട്ടിതരിച്ചു ഞാൻ അവനും എന്നെ പറയുമോ
അൾത്താര മുന്നിലും വീണുപോയി ഞാൻ
അവൻ എന്നെ ഉയർത്തി കരുതലോടെ
അറിയില്ലായിരുന്നു എനിക്ക് അവിടുത്തെ സ്നേഹം

തള്ളി പറഞ്ഞാലും ചിരിക്കുന്ന സ്നേഹം
ഓർത്തു ഞാൻ  പ്രിയനാം പത്രോസിൻ ജീവിതം
പാറമേലൽ ഉറപ്പിച്ച സഭയെ
എന്നെയും കൈ പിടിച്ചുയുർത്തിയവൻ
എൻെറ മെൽ പതിച്ച ആ ദിവ്യ പ്രകാശം
വളർന്ന് ഞാൻ മരം പോൽ അവാസം ഇല്ലാതെ
കൈ പിടിച്ചുയർത്തി തളർന്ന എന്നെ
നോക്കി ഞാനാ ദിവ്യ മുഖത്തേക്ക്
തിളങ്ങി എൻ മുഖം അഭിമാനപൂർവം
തള്ളി പറഞ്ഞവർ പ്രശംസിച്ചിട്ടുംനേരം
ഓർത്തു ഞാൻ അവൻ മുഖം നന്ദിപൂർവം
നന്ദി തൻ ഒരായിരം നറുമലർ
നിനക്കേകുന്നു ഞാൻ എൻ പ്രിയനേ....!

അബേൽ ജെ സാജൻ

# The Role of flowers in our life



Flowers have played a key role all throughout human history. Some types of flowers were used as food and continue to be used until the present day; Others have healing properties and as used as medicine.

The most important functions that flowers have, however, is their power to convey profound human emotions and thoughts has the way no other objects can. When ever your feelings are too intense for words-be it love, grief, happiness or gratitude- try expressing them through the gift of flowers. It will express our feelings perfectly.

Environmental psychologist Dr. Roger Ulrich discovered that when flowers were visible to hospital patients, their stress levels dropped, and their stay in the hospital were marked with an increased optimism.

Flowers have been used for many purposes the dawn of civilization. From birthdays
to funerals, flowers will always occupy a special play in human celebration and rituals.

sisira unni

# അമൂല്യമായനിധി



ഭൂമിയിൽ മൂന്നിൽ രണ്ടു ഭാഗവും സമുദ്രങ്ങളാണ്. കരഭാഗങ്ങളിൽ നദികളും,കുളങ്ങളും,ധാരാളം. എന്നിട്ടും ലോകം കടുത്ത കുടിവെള്ളക്ഷാമത്തെ നേരിടുന്നു. ജലവിഭവ വിനിയോഗത്തിൽ ഗ്രാമങ്ങള മുതൽ അന്താരാഷ്ട്റതലംവരെ കൂട്ടായ പ്രവർത്തനങ്ങള ആവശ്യമാണെന്ന് യു.എൻ മുന്നറിയിപ്പ് നൽകുന്നു. 2007 ജലവ ർഷമായി

ഇന്ത്യ ഗവൺമെൻെറും പ്രഖ്യാപിച്ചിരുന്നു.

ജലവിഭവത്തെക്കുറിച്ചും,ജലനയത്തെക്കുറിച്ചും ജനങ്ങളെ കൂടുതൽ ബോധവാൻമാരാക്കുക എന്നതാണ് ഇന്ത്യൻ ഗവൺമെൻറ ഇതുവഴിലകമിട്ടിരുന്നത്.

അനധികൃതമായ ജലചൂഷണം തടയാനും , ജലമലിനീകരണം വരുത്തുന്ന ദുരന്തങ്ങ ളായവ മനുഷ്യ മനസസാക്ഷിക്ക് മുമ്പിൽ തുറന്നുകാട്ടാനുമാൺ ഐക്യരാഷ്ട്രസഭ മാർച്ച് 22 ലോക ജലദിനമായി ആചരിക്കുന്നത് ലോകത്ത് ഇപ്പോൾ തന്നെ ആറിൽ ഒരാൾക്ക് ശുദ്ധജലം ലഭിക്കാത്ത അവസഥയാണ് . 2032 ആകുമ്പോഴേക്കും ലോകത്തെ പകുതിയിലധികം ആളുകൾക്കും ശുദ്ധജലം കിട്ടാക്കനിയായി മാറും. ഇന്റർനാഷണൽ വാട്ടർ മാനേജ്മെന്റിന്റെ റിപ്പോർട്ട് അനുസരിച്ച് 2025 -ാം ആണ്ട് ആകുമ്പോഴേക്കും ഇന്ത്യ

പൂർണമായും ജലക്ഷാമം നേരിടുന്ന രാജ്യങ്ങളിൽ ഒന്നായി തീരും. ജനപ്പെരുപവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന നഗരവൽക്കരണവുമായിരിക്കും

ഇന്നത്തെ കുടിവെള്ള ക്ഷാമത്തിന് മുഖ്യഹേതു

ജലത്തിന്റ അമിത ചൂഷണം, ഉപ്പുവെള്ളം കയറൽ,

കാർഷികമേഖലയിലെ കീടനാശിനി പ്രയോഗം,

വ്യവസായ ശാലകളിൽ നിന്നുള്ള മലിനീകരണം

തുടങ്ങിയവഴി ഭ്രജലശ്രോതസ്സുകൾ അടക്കമുള്ള

ശ്രോതസുകൾ നശിക്കുകയും മലിനീകരിക്കപെടുകയും

ചെയുകയാണ് മണ്ണിലേക്ക് താഴന്നിറങ്ങുന്ന ജലത്തിന്റെ

പതിൻടങ്ങാണ് ഇപ്പോൾ ഊറ്റിയെടുക്കപ്പെടുന്നത് ജല-ഖനനം എന്ന ശാസ്ത്ജ്ഞമാർ സൂചിപ്പിച്ച ഈ

പ്രതിഭാസത്തെ വേണ്ടത്ര ഗൗരവത്തിൽ കാണാന് നമുക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ജലം വളരെ കുറയാൻ സാധ്യതയുണ്ട് അത് ഉപയോഗിക്കുന്നനമുക്ക്

അത് സംരക്ഷിക്കാൻ കൂടിയുള്ള ഉത്തരവാദ്വത്തമുണ്ട്.

അതുകൊണ്ട് ജലം സംരക്ഷിക്കാം. തലമുറയ്ക്കുവോൺഠി

നമ്മൾ അത് സൂക്ഷിക്കേണ്ടാതാണ്.

ദിൽന. എ

# വിശപ്പ്



വിശന്നെത്തിയ മരണമേ
ഒരൽപ്പം ക്ഷമിക്കുക
ഒട്ടിയവയറുമായി ഒരുപിടി വറ്റിനായി
തേടിയിറങ്ങിയ ഒരു അമ്മയുണ്ടെനിക്ക്
പുച്ഛിച്ചെറിയുന്നൊരാ നാണയ തുട്ടിനായ്
കൂപ്പുകൈകളുമായി കനിവു തേടുന്നവർ
തെരുവ് തൻ മാറിലായ്
എച്ചിലിൻ കുനയിൽ
പങ്കിനായുള്ളൊരു യുദ്ധത്തിലാണവർ
പച്ചമാംസം വലിച്ചു കീറുന്നൊരാ
കഴുകൻ കണ്ണുകൾക്കമ്മ ഇരയായി മാറി
കാത്തുനിൽക്കണം നീയെൻെറ
മിച്ചമാം ശ്വാസവും അറ്റുപോവും വരെ

തെരേസ ജോൺസൻ

# മരണം



യാത്രയ്ക്കൊരുങ്ങി ഞാൻ കാത്തിരിക്കുമ്പോൾ
യാത്രാരഥം മുന്നിൽ വന്നു നിന്നു.
അപ്പോൾ എന്നോട് തന്നെ ഞാൻ
യാത്രചൊല്ലി.
തണുത്തുറഞ്ഞ ഈ ശരീരവുമായി.
ഇതുവരെ കാണാത്ത ലോകത്തേക്ക്
സന്തോഷത്തോടെ ഞാൻ യാത്രയായി
എനിക്കായ് തീർത്തൊരു മൺക്കുഴിയിൽ
ഒരിക്കലും തിരിച്ചുവരാനാകാതെ ഞാൻ
മണ്ണിൻ കുളിരിൽ ലയിച്ചിരുന്നു.
ആകാശത്തിൻെറ അനന്തയിലേക്കെൻ
ആത്മാവ് പറന്നു പറന്നു പോയി.

തെരേസ ജോൺസൻ

# ആത്മാവിൽ അലിയുന്ന പൂവ്



കൊഴിഞ്ഞു
വീഴാനെന്നറിഞ്ഞിട്ടും
പൂത്തുലഞ്ഞു നിന്നു ഞാൻ
നിന്നോടുള്ള പ്രണയത്താൽ
മേനി ചുവന്നിട്ടും
മൗനമായി നിന്നരികിൽ
നിന്നു........

ഭ്രാന്തമെന്ന പോൽ സ്നേഹിച്ച
എന്നെ
ഭ്രാന്തിയെന്നു
നീ പുച്ഛിക്കുമ്പൊഴും
ഇന്നും നിനക്കായ്
ഞാൻ പൂക്കാറുണ്ട്
അന്ത്യമില്ലാ
പ്രണയത്തിൻ പ്രതീകമായി......!

ജെറിൻ ജോസഫ്

# നിനക്കായ്.....

വിരിയാത്ത പൂമൊട്ടായി
കാലങ്ങളോളം ഞാനീ
വന ആരാമത്തിൽ
മിഴി കൂമ്പി നിന്നു....
പ്രണയം നിറഞ്ഞൊരു
ചിത്രശലഭമായ്
നിൻ ചിറകുകൾക്കുള്ളിൽ
എന്നെയൊതുക്കി നീ...
നിൻ മൃദുസ്പർശമെൻ



മനസ്സിൻെറ വീണയിൽ
ഗന്ധർവ്വരാഗം മീട്ടി....
മനം കുളിർപ്പിക്കും
സംഗീത ധാരയിൽ
ഞാനാം പൂമൊട്ട് മെല്ലെ വിടർന്നു....
നിനക്കായ്......ആദ്യമായ്....
നിൻെറേത് മാത്രമായ്.....

ഫാത്തിമത്ത് സഫാന

# നിരാശ



രാത്രി വീട്ടിലേക്ക് മടങ്ങുമ്പോഴാണ് ചെറുപ്പക്കാരൻ

ആ കാഴ്ച്ച കണ്ടത്. ഇലക്ട്രിക് പോസ്റ്റിൽ ഇടിച്ച് തകർന്ന

ബൈക്കും അതിനരികിൽ ചോരയിൽ കുളിച്ചുകിടക്കുന്ന രണ്ട്പേരും. ധൃതിയിൽ പോക്കറ്റിൽ നിന്ന് മൊബൈൽഫോൺ എടുത്തപ്പോൾ അതിൽ ചാർജ്

തീരെയില്ല.നല്ലൊരു ഫോട്ടൊ നഷ്ട്ടപ്പെട്ടതിന്റെ നിരാശയിൽ അയാൾ വേഗം

വീട്ടിലേക്ക് നടന്നു.

തെരേസ ജോൺസൻ

# തൂലിക

എഴുതുന്നതേറെയും
നിന്നെക്കുറിച്ചാണെന്നിരിക്കെ
എഴുതിയതിലൊരുവരിപ്പോലും
നീ വായിക്കാറില്ലെന്നാകിലും
വായിച്ചാലൊട്ട്
മനസ്സിലാകാറില്ലെങ്കിലും
മനസ്സിലാക്കിയാലും അതൊട്ടും
ഗൗനികാറില്ലെങ്കിലിം
തെല്ലും പരിഭവമില്ലാതെ....



അണുവിട മടുപ്പില്ലാതെ
എൻ തൂലിക ദിനവും
നിന്നെ എഴുതി മഷി വറ്റിക്കാറുണ്ട്
അടരുവാൻ വയ്യനിൻ
ഹൃദയത്തിൽ നിന്നെനിക്കേതു
സ്വർഗ്ഗം വിളിച്ചാലും
ഉരുകി നിന്നാത്മവിന്നാഴങ്ങളിൽ
വീണു പൊലിയുമ്പോഴാണെൻെറ സ്വർഗ്ഗം
നിന്നിലലിയുന്നതേ നിത്യ സത്യം

മരിയ ജാസ്മിൻ

# അറിഞ്ഞില്ല ഞാൻ



നിൻ കണ്ണുകളിലെ കണ്ണുനീർ വറ്റിയത്
ഞാൻ അറിഞ്ഞീല്ല.
നിൻ നാവുകളിലെ വാക്കുകൾ നിശ്ചലമായത്
ഞാൻ അറിഞ്ഞീല്ല.
നിൻ ചുരുൾമുടി കെട്ടുകൾ അഴിഞ്ഞതും
ഞാൻ അറിഞ്ഞില്ല.
നിൻ ഹൃദയസ്പന്ദനവും ഞാൻ
അറിഞ്ഞീല്ല.
എൻ സ്നേഹം തേടി നീ
അലയുവാൻ തുടങ്ങിയതിം
ഞാൻ അറിഞ്ഞീല്ല.

അലൻ ഫ്രാൻസിസ്

# ഇല പൊഴിയുന്ന രാത്രികൾ



മലകയറി ബലരാമൻ നന്നേ ക്ഷീണിതനായി ഒരൽപം ദാഹജലം കിട്ടാനുണ്ടോ എന്നന്വേഷിച്ചു ഒരുരക്ഷയുമില്ല എല്ലാം രാമുവിനുവേണ്ടിയല്ലേ തന്റെ ചങ്ങാതിക്കുവേണ്ടി .സന്ധ്യയായി കരണ്ടുപോയി വീട്ടിൽ

അവൻ തനിച്ചായിരുന്നു അച്ഛനും അമ്മയും രാത്രി വരുമെന്നായിരുന്നു പറഞ്ഞിരുന്നത് അമ്മുവിന് സുഖമായികാണും. പാവം ഒരാഴ്ച മുൻപ് നല്ല പനിയായി കിടപ്പിലായിരുന്നു "അപ്പോൾ അവർക്കു രണ്ടു മക്കളാ"ബലരാമൻ ചോദിച്ചു. മൂപൻ മറുപടി പറഞ്ഞു: "അതേ അവർക്കു രണ്ടു മക്കൾ രാമുവിന്റെ ഇളയതാണ് ആ കുട്ടി ".പാവം അവൻ ഒറ്റക്കായിരുന്നല്ലേ. ആ വീട്ടിൽ കരണ്ടില്ലായിരുന്നപ്പോൾ വല്ലാണ്ടു പേടിച്ചു പോയികാണുമല്ലേ മൂപ്പാ. രാമു പേടിച്ചെന്നോ അമ്മ പറഞ്ഞുതന്ന കഥകളിലെ പേടിയായിരുന്നു അവന്റെ മനസ്സിൽ. അവന്റെ ഉൾഭയത്തെ മറച്ച് ഇരുട്ടിനെ അവൻ അതിജീവിച്ചു . അല്ല ബലരാമാ നീ ഈ കുന്നു കയറി ഇവിടെ എത്തിയത് ഇതിനു വേണ്ടി മാത്രമായിരുന്നുവോ . അതെ കുറച്ചു ദിവസമായുള്ള അവന്റെ സങ്കടത്തിനർത്ഥം മനസ്സിലാക്കാൻ. നീ അവനോടൊന്നും ചോദിച്ചില്ലേ. ഇല്ല അവനൊന്നും മിണ്ടാൻ കൂട്ടാക്കുന്നില്ല. എന്നിട്ട് ബാക്കി പറ അമ്മു വന്നോ. മൂപ്പൻ തുടർന്നു. അന്നു വളരെ രാത്രിയാകുമെന്നറിയാവുന്നതിനാൽ അമ്മ അവനോടു പറഞ്ഞിരുന്നു നേരത്തെ ഭക്ഷണം കഴിച്ച് കിടന്നോളാൻ. ഭക്ഷണം കഴിക്കുമ്പോഴും അവന്റെ മനസ്സ് അമ്മുവിലായിരുന്നു. അവൻ കിടന്നു മനസ്സിൽ മൊത്തം ഏകാന്തത ഉറക്കം വരുന്നില്ല അവൻ തിരിഞ്ഞും മറിഞ്ഞും കിടന്നുനോക്കി. നേരം പിന്നെയും മുന്നോട്ടു പോകുന്നു അവന് ഉറക്കം വരുന്നില്ല കണ്ണടച്ചാൽ ചിരിച്ചുനിൽക്കുന്ന അനിയത്തിയുടെ മുഖം. പട്ടിയുടെ ഓരിയിടലും രാപാടിയുടെ കൂകൽ ശബ്ദവും അവന്റെ മനസ്സിനെ വല്ലാതെ ഉണർത്തി. എങ്ങനെയൊക്കെയൊ അവൻ ഉറങ്ങി. പിറ്റെ ദിവസം രാവിലെ രാമു ഉണർ ന്നു ചുറ്റിലും നോക്കി ചാടി എണീറ്റു. അവനോടി അമ്മുവിന്റെ മുറിയിലേക്ക്.

ആകാംഷയോടെ അമമു അമ്മു എന്ന് വിളിച്ച് അമ്മുവിന്റെ മുറിയിലെക്ക് ഓടി. മുറി തുറന്ന് ഉള്ളിൽ കയറിയപ്പോൾ ആരുമില്ല അവൻ ഞെട്ടലോടെ ചിന്തിച്ചു. രാത്രിതന്നെ വരുമെന്നാണല്ലോ പറഞ്ഞാരുന്നത്. അവനൊരുങ്ങി സ്കൂളിൽ പോയി. വൈകുന്നേരമായപ്പോൾ ആകാംഷയോടെ അവൻ വീട്ടിൽ

വന്നു, വീട്ടിലാരുമില്ല. അല്ല മൂപ്പാ ഇതൊക്കെ മൂപ്പൻ എങ്ങനെ അറിഞ്ഞു. വീട്ടിലാരുമില്ലായിരുന്നതിനാൽ അവനോടി എന്റെ അടുത്തു വന്ന് എന്നോടു പറഞ്ഞു എന്നെ സഹായിക്കുക എന്ന് അപ്പോഴാണ് ഞാനീ കാര്യങ്ങളെല്ലാം അറിഞ്ഞത് എന്റെ കൈയിലുണ്ടായിരുന്ന കുറച്ചു ചില്ലറ അവന്റെ കൈയിൽ കൊടുത്തു ഞാൻ

പറഞ്ഞു മലയിറങ്ങി കടയിൽ പോയി ഫോൺ വിളിച്ചോളാൻ. എന്റെ കൈയിൽ നിന്നതും വാങ്ങി കടയിലേക്കോടി പിന്നീട് അവനെ ഞാൻ കണ്ടില്ല. ആ അമ്മു മരിച്ചതിൽ പിന്നെ അവനാരോടും മിണ്ടുന്നില്ലായിരുന്നു. അമ്മുവിന് ശരിക്കും എന്താണു പറ്റിയത്. അവൾ അച്ഛന്റെയും അമ്മയുടെയും കൂടെ മരുന്നിനു പോയതായിരുന്നു. തിരിച്ചു വരും വഴി കടയിൽ നിന്ന് സാധനം വാങ്ങിക്കൊണ്ടിരിക്കുമ്പോൾ. അവൾ അടുത്ത കടയിലെ പലഹാരങ്ങൾ കണ്ട് അങ്ങോട്ടേക്ക് പോയി. പീന്നിട് അവളെ കണ്ടെത്തുവാൻ അവർ നന്നേ പാടുപ്പെട്ടു. അമ്മുവിനെ കാണാതെ അച്ഛനും അമ്മയും അന്വേഷിച്ചു ചെന്നപ്പോഴേക്കും. ശരീരമാകെ മുറിപ്പാടുകളോടെ അവൾ കിടന്നു പിടയുകയാണ്. അവളെ കാണാൻ നല്ലവെളുത്തു സുന്ദരിയായിരുന്നുവല്ലോ അതുകൊണ്ടാവാം ആ പാവം കുട്ടിയെ. വാരിയെടുത്തവളെ ആശുപത്രിയിലെത്തിച്ചെങ്കിലും. ഒന്നും കഴിഞ്ഞില്ല. അവൾ പോയി.

ജിപിൻ . പി. എസ്

## നന്ദി

ബി.വി.ജെ.എം ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐ.റ്റി കൂട്ടായ്മ പുറത്തിറക്കിയ വരമൊഴി ഇ-മാഗസിൻ കുറേ ആളുകളുടെ നിരവധി ദിവസത്തെ അധ്വാനത്തിന്റെ ഫലമാണ്. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ഞങ്ങൾ ഓർക്കുന്നു.

രാധാകൃഷ്ണൻ സാറും ബിന്ദു ടീച്ചറും രജീഷ് സാറും ഈ പ്രയത്നത്തിന് എപ്പോഴും മുന്നിലുണ്ടായിരുന്നു. അവർ തന്നെയാണ് ഈ മാഗസിന്റെ കാതലും. കൂടാതെ മാഗസിന്റെ വിജയത്തിനായി അനുഗ്രഹങ്ങളും പ്രാർത്ഥനകളും നൽകിയ പ്രധാനദ്ധ്യാപക തങ്കമ്മടീച്ചർക്കും പ്രിൻസിപ്പാൾ ജേക്കബ് സാറിനും മാനേജർ റവ. ഫാ.ജോസഫ് പൂവത്തോലിനും നന്ദി അറിയിക്കുന്നു.

ഈ മാഗസിന്റെ വിജയത്തിനായി പ്രയത്നിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ടീച്ചേഴ്സിനും സൃഷ്ടികൾ നൽകിയ എല്ലാ കൂട്ടുകാർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ സമർപ്പിക്കുന്നു...............

e മാഗസിൻ
വരമൊഴി



BVJMHSS
PERUMPADAVE